വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) പീച്ചാനിക്കാട്ട എന്ന സ്ഥലത്തു ഫ്രീ 10—8 ഫ സ്കൂൾ വർഷാരംഭം മുതൽ ഒരു സർക്കാർ പ്രൈമറി സ്കൂൾ നടത്തുന്നതിനു് അനുവാദം കൊടുത്തിട്ടുണ്ടു്. (Vide G. O. Ed 3. 6995/50, dated 7th June 1950).

വളം ഡിപ്പോ സ്ഥാപനം

*൪൨. ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സഭയെ മറുപടി പറയുമോ.—

(എ) കൃഷിവികസന പദ്ധതിയിൽ ഓരോ പക്കിയിലും വളം ഡിപ്പോകൾ സ്ഥാപിക്കുന്ന സംഗതിക്കുടി ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) നെൽകൃഷിക്കു വളത്തെ പ്രാധാന്യമർഹിക്കുന്ന കുന്നത്തുനാടു താലൂക്കു തുക്കാക്കര പകുതിയിൽ ഒരു വളം ഡിപ്പോ സ്ഥാപിക്കുവാൻ വല്ല അപേക്ഷകളും ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തുനടപടി നടത്തി?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) ഉണ്ടു്.

(ബി) തുക്കാക്കര പകുതി നിവാസികളായ കർഷകരുടെ വകയായി ഒരു ഹർജി ശ്രീ. എ. വി. ജോസഫ് എം. എൽ. എ. മുഖാന്തിരം ലഭിച്ചിട്ടുണ്ടു്.

(സി) തുക്കാക്കര പകുതിയിൽ ഒരു വളം ഡിപ്പോ ആവശ്യമെന്നു കാണുകയാൽ ആ പകുതിയിലുള്ള ഏതെങ്കിലും സഹകരണസംഘം വകയായി ഒരു ഏജൻസി ഡിപ്പോ സ്ഥാപിക്കുവാൻ ഉള്ള അപേക്ഷ സഹകരണസംഘം രജിസ്ട്രാർ മുഖാന്തിരം അയപ്പിക്കണമെന്നു് ശ്രീ. എ. വി. ജോസഫ് അവർകളെ അറിയിച്ചിട്ടുണ്ടു്.

വിദ്യുച്ഛക്തി വിതരണം

*൪൨൨. ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തും ഗതാഗതവും വകുപ്പു മന്ത്രി സഭയെ പറമടി പറയുമോ.—

(എ) സംസ്ഥാനങ്ങളിലെ എല്ലാ ഗ്രാമങ്ങളിലേക്കും വിദ്യുച്ഛക്തി വ്യാപിപ്പിക്കാനുള്ള പദ്ധതി ഗവൺമെണ്ടു് അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഒരു കച്ചവടകേന്ദ്രമായ അങ്കമാലിയിലേക്കു് വിദ്യുച്ഛക്തിയും ടെലഫോണും വേണമെന്നാവശ്യപ്പെട്ടുന്ന വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനു് എന്തു നടപടി നടത്തി?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പു മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) ഓരോ പദ്ധതികളിലായി സംസ്ഥാനത്തിന്റെ എല്ലാ പ്രദേശങ്ങളിലേക്കും വിദ്യുച്ഛക്തി വ്യാപിപ്പിക്കണമെന്നാണു് ഗവൺമെണ്ടിന്റെ ഉദ്ദേശം.

(ബി) ഉവ്വു്.

(സി) ഗവൺമെണ്ടിന്റെ ധനസ്ഥിതി അനുവദിക്കുകയും, ഇങ്ങനെയുള്ള പണികൾക്കു് ആവശ്യമായ സാധനസാമഗ്രികൾ ലഭിക്കുകയും ചെയ്യുന്നതനുസ

LIBRARY ARCHIVES Kerala Legislative Assembly